ഖരമാലിന്യ നിർമ്മാർജ്ജനം

82 (3284) ശ്രീ. റ്റി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വികസിത രാജ്യങ്ങളിലെ നഗരപ്രദേശങ്ങളിൽ ശാസ്ത്രീയമായി ചെയ്യ വരുന്ന ഖരമാലിന്യ സംസ്കരണ രീതി നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഖരമാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് ഏകീകൃതവും ശാസ്ത്രീയവും ആധുനികവുമായ രീതി നടപ്പിലാക്കുന്നതിന് വിപുലമായ ഒരു പദ്ധതി നടപ്പിലാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) മാലിന്യങ്ങൾ അവ ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്ത് തന്നെ തരംതിരിച്ച് സംസ്കരിക്കുന്നതിലേക്കായി ഉറവിട മാലിന്യ സംസ്കരണ പദ്ധതി രൂപം നൽകി നടപ്പിലാക്കി വരുന്നു. കൂടാതെ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിനും ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ ഉള്ള നഗരസഭകളിൽ ആയത് കുറ്റമറ്റതാക്കി ആധുനികവൽക്കരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വിദേശ രാജ്യങ്ങളിലെ എല്ലാ സാങ്കേതിക രീതികളും അതേപടി കേരളത്തിൽ നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.

(സി) കേരളത്തിന്റെ ഉയർന്ന ജനസാന്ദ്രത, മാലിന്യത്തിന്റെ തരം, പൊതുസ്ഥലത്തിന്റെ ദൗർലഭ്യം തുടങ്ങിയ കാരണങ്ങളാൽ കേന്ദ്രീകൃത ഖരമാലിന്യ സംവിധാനം മറ്റു സംസ്ഥാനങ്ങളിലെന്നപോലെ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുകയില്ല. ആയതിനാൽ ഗാർഹികതലങ്ങളിൽ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ സംവിധാനങ്ങളും പൊതുജനങ്ങളുടെ എതിർപ്പുകൾ ഇല്ലാത്ത നഗരസഭകളിൽ പൊതു പ്ലാന്റുകളിലും ജൈവ മാലിന്യം സംസ്കരിച്ചുവരുന്നു. പല നഗരസഭകളും അജൈവ മാലിന്യം ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറി വരുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. കൂടാതെ കൊച്ചിയിൽ ബ്രഹ്മപുരത്ത് ആധുനിക രീതിയിലുള്ള ഒരു ഖര മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly